**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 575** **02-02-2023 - ൽ മറുപടിയ്ക്ക്**

**നികുതി വരുമാനം വർദ്ധിപ്പിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. കെ. ബഷീർ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കഴിഞ്ഞ സാമ്പത്തിക വർഷത്തിലും നടപ്പ് സാമ്പത്തിക വർഷത്തിൽ നാളിതുവരെയും വിവിധ മേഖലയിൽ നിന്നും സർക്കാരിന് ലഭിച്ച നികുതി, നികുതിയേതര വരുമാനം എത്രയാണെന്ന് ഇനംതിരിച്ച് വ്യക്തമാക്കുമോ; ജി.എസ്.ടി. നടപ്പിലാക്കുന്നതിന് മുൻപുള്ള വാറ്റ് കുടിശ്ശിക എത്രയാണെന്ന് വിശദമാക്കുമോ; | (എ) | കഴിഞ്ഞ സാമ്പത്തിക വർഷത്തിലും നടപ്പ് സാമ്പത്തിക വർഷത്തിൽ നാളിതുവരെയും വിവിധ മേഖലയിൽ നിന്നും സർക്കാരിന് ലഭിച്ച നികുതി, നികുതിയേതര വരുമാനം അനുബന്ധമായി ചേർക്കുന്നു.<br><br>ജി.എസ്.ടി നടപ്പിലാക്കുന്നതിന് മുൻപും നടപ്പാക്കിയതിന് ശേഷമുള്ള കുടിശ്ശികയും ചേർത്ത് (30.11.2022 വരെ) വാറ്റ് കുടിശ്ശിക ഇനത്തിൽ 10867.64 കോടി രൂപയാണ് ലഭിക്കാനുള്ളത്. ഇതിൽ ഭൂരിഭാഗവും റവന്യൂ റിക്കവറി, കോടതി സ്റ്റേ മുതലായവയിൽ കുരുങ്ങി കിടക്കുകയാണ്. |
| (ബി) | നടപ്പ് സാമ്പത്തിക വർഷത്തിൽ നികുതി, നികുതിയേതര വരുമാനത്തിൽ പ്രതീക്ഷിച്ചതിൽ നിന്നും കുറവ് രേഖപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം മേഖലകളിലാണെന്ന് വിശദമാക്കാമോ; | (ബി) | 2015-16 സാമ്പത്തിക വർഷത്തെ നികുതി പിരിവിന്റെ അടിസ്ഥാനത്തിൽ 14% വാർഷിക വർദ്ധനവ് കണക്കാക്കി നികുതി പിരിവിൽ ഉണ്ടായിട്ടുള്ള കുറവ് കേന്ദ്ര സർക്കാർ നഷ്ടപരിഹാരമായി ജൂൺ 2022 വരെ നൽകിയിരുന്നു. ആയതിൻ പ്രകാരം നടപ്പ് സാമ്പത്തിക വർഷം നാളിതുവരെ 2354 കോടി രൂപ നഷ്ടപരിഹാരമായി ലഭ്യമായിട്ടുണ്ട്. നടപ്പ് സാമ്പത്തിക വർഷത്തിൽ revised ബഡ്ജറ്റ് എസ്റ്റിമേറ്റ് പ്രകാരം പ്രതീക്ഷിച്ച നികുതി വരുമാനം 55757 കോടി രൂപയാണ്. ഇതിൽ 72% (31, ഡിസംബർ 2022 വരെ) കൈവരിച്ചിട്ടുണ്ട്. |
| (സി) | നികുതി ചോർച്ച തടയുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (സി) | നികുതി ചോർച്ച തടയുന്നതിന് സ്വീകരിച്ച നടപടികൾ വകുപ്പ് തിരിച്ച് ചുവടെ ചേർക്കുന്നു.<br><br><u>സംസ്ഥാന ചരക്കുസേവന നികുതി വകുപ്പ്</u><br><br>ജി.എസ്.ടി പൂർണമായും ഓൺലൈൻ അധിഷ്ഠിതമാണ്. അതിനാൽ വ്യത്യസ്തവും നൂതനവുമായ രീതിയിലുള്ള നികുതി വെട്ടിപ്പുകളാണ് കണ്ടുവരുന്നത്. ജി.എസ്.ടി നിയമത്തിൽ |

കാലോചിതമായ മാറ്റങ്ങൾ വരുത്തി കൂടുതൽ കർശ്ശന നിബന്ധനകളിലൂടെ ഇത്തരം നികുതി വെട്ടിപ്പുകൾ തടയുന്നതിനും നികുതി പിരിവ് ഊർജിതമാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ജി.എസ്.ടി റിട്ടേണുകൾ വിശദമായ സ്ക്രൂട്ടിനി നടത്തി വ്യാപാരികൾ പിരിച്ചെടുത്ത നികുതി പൂർണ്ണമായും സർക്കാരിലേക്ക് ഒടുക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. ജി.എസ്.ടി യുമായി ബന്ധപ്പെട്ട ഡാറ്റ തത്സമയം കൃത്യമായി ലഭിക്കുന്നതിലേയ്ക്കായി ജി.എസ്.ടി.എൻ വികസിപ്പിച്ചെടുത്ത മോഡൽ 2 ബാക്ക് ഓഫീസ് സോഫ്റ്റ് വെയർ സംവിധാനത്തിലേക്ക് വകുപ്പ് പൂർണ്ണമായും മാറുകയുണ്ടായി. തത്ഫലമായി റിട്ടേണുകളുടെ സൂക്ഷ്മപരിശോധന, മൂല്യനിർണ്ണയം, ഓഡിറ്റ്, അപ്പീൽ, എൻഫോഴ്സ്മെന്റ്, റീഫണ്ട് തുടങ്ങിയ കാര്യങ്ങൾ നിർവഹിക്കാനായി ഉദ്യോഗസ്ഥർക്ക് ഈ സംവിധാനം ഉപയോഗിക്കാൻ കഴിയും. സംസ്ഥാന ചരക്കുസേവന നികുതി വകുപ്പിന്റെ ഇന്റലിജൻസ്, അഡ്ജ്യൂഡിക്കേഷൻ വിഭാഗങ്ങൾ കൂടുതൽ കർശ്ശന പരിശോധനകളിലൂടെ നികുതി വെട്ടിപ്പുകൾ കണ്ടെത്തി നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. വലിയ തോതിലുള്ള നികുതി വെട്ടിപ്പ് കണ്ടെത്തിയ കേസുകളിൽ ജി.എസ്.ടി നിയമപ്രകാരം ഇൻവെസ്റ്റിഗേഷൻ വിഭാഗം അറസ്റ്റ് ഉൾപ്പെടെയുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. ജി.എസ്.ടി നിയമത്തിനനുസൃതമായി സംസ്ഥാന ചരക്കുസേവന നികുതി വകുപ്പിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനും കൂടുതൽ കാര്യക്ഷമമാക്കുന്നതിനുമായി വകുപ്പിന്റെ പുന:സംഘടന ഉൾപ്പെടെയുള്ള നടപടികൾ പൂർത്തിയാക്കിയിട്ടുണ്ട്. നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിനായി ഓൺലൈൻ സംവിധാനം കൂടുതൽ മെച്ചപ്പെടുത്തുന്നതിനും ജീവനക്കാർക്ക് മെച്ചപ്പെട്ട പരിശീലനം നൽകുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

<u>എക്സൈസ് കമ്മീഷണർ</u>

എക്സൈസ് വകുപ്പിന്റെ പ്രധാന വരുമാന സ്രോതസ്സ് ഇന്ത്യൻ നിർമ്മിത വിദേശമദ്യത്തിന്മേൽ ചുമത്തപ്പെടുന്ന എക്സൈസ് ഡ്യൂട്ടിയാണ്. ഇത്തരത്തിലുള്ള വരുമാനം വിദേശമദ്യ വിൽപ്പനയുമായി നേരിട്ട് ബന്ധപ്പെട്ടിരിക്കുന്നു. എക്സൈസ് വകുപ്പ് വഴി നൽകുന്ന എല്ലാ ലൈസൻസുകളും പെർമിറ്റുകളും മുൻകൂറായി ഫീസ്/ നികുതി ഈടാക്കിയ ശേഷമാണ് നൽകുന്നത്. അനധികൃത മദ്യത്തിന്റെ വില്പന തടയുന്നതിന്

എക്സൈസ് വകുപ്പ് എൻഫോഴ്സ്മെന്റ് പ്രവർത്തനം ശക്തിപ്പെടുത്തിയിട്ടുണ്ട്.

<u>രജിസ്ട്രേഷൻ വകുപ്പ്</u>

2010 -ൽ ഭൂമിയുടെ ന്യായവില നിർണയിച്ച് പ്രസിദ്ധപ്പെടുത്തുകയും പ്രസ്തുത ന്യായവില 2014 -ൽ 50 ശതമാനവും 2018, 2019, 2020, 2022 വർഷങ്ങളിൽ 10 ശതമാനം വീതവും വർധിപ്പിക്കുകയുമുണ്ടായി. നിലവിലുള്ള വിപണിവിലയും സർക്കാർ പ്രസിദ്ധീകരിച്ച ന്യായവിലയും തമ്മിലുള്ള അന്തരം കുറച്ചുകൊണ്ട് വരാനും നികുതി പിരിവ് കാര്യക്ഷമമാക്കുവാനുമായി, ഭൂമിയുടെ ന്യായവില സമഗ്രമായി പുനർനിർണ്ണയിക്കാൻ റവന്യൂ(ജി) വകുപ്പിന്റെ 14/08/2018 തീയതിയിലെ G.O(Ms)No.302/2018/RD നമ്പർ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഭൂമിയുടെ ന്യായവില സമഗ്രമായി പുനർനിർണ്ണയിക്കുന്നതിലൂടെ വിപണി വിലയും സർക്കാർ പ്രസിദ്ധീകരിച്ച ന്യായവിലയും തമ്മിലുള്ള അന്തരം കുറയ്ക്കാനും അതുവഴി നികുതി പിരിവ് കാര്യക്ഷമമാക്കാനും സാധിക്കുന്നതാണ്. ഈ ഉത്തരവ് പ്രകാരമുള്ള നടപടികൾ റവന്യൂ വകുപ്പിലും, ലാൻഡ് റവന്യൂ കമ്മീഷണറേറ്റിലുമാണ് നടന്നുവരുന്നത്. ഫ്ലാറ്റുകൾ/അപ്പാർട്ടുമെന്റുകൾ എന്നിവ വിലകുറച്ചു രജിസ്റ്റർ ചെയ്യുന്നത് കാരണമുള്ള റവന്യൂ നഷ്ടം ഒഴിവാക്കുന്നതിനായി 2016 -ലെ ഫിനാൻസ് ആക്റ്റിലൂടെ ഫ്ലാറ്റുകൾ/ അപ്പാർട്ടുമെന്റുകൾ എന്നിവ കൈമാറ്റം ചെയ്യുന്ന ആധാരങ്ങളിൽ കേന്ദ്ര പൊതുമരാമത്ത് വകുപ്പിന്റെ മാനദണ്ഡം അനുസരിച്ചുള്ള വാല്യുവേഷൻ സർട്ടിഫിക്കറ്റ് നിർബന്ധമാക്കി. അതിനുശേഷം 2020 ഏപ്രിൽ 1 മുതൽ ഫ്ലാറ്റുകൾ/അപ്പാർട്ടുമെന്റുകൾ ഒഴികെയുള്ള കെട്ടിടങ്ങൾ കൈമാറ്റം ചെയ്യുന്ന ആധാരങ്ങൾക്കും കേന്ദ്ര പൊതുമരാമത്ത് വകുപ്പിന്റെ മാനദണ്ഡം അനുസരിച്ചുള്ള വാല്യുവേഷൻ സർട്ടിഫിക്കറ്റ് നിർബന്ധമാക്കി. കുടിശ്ശികയുള്ള അണ്ടർ വാല്യുവേഷൻ കേസുകൾ തീർപ്പാക്കുന്നതിനും സർക്കാരിന് അധിക വിഭവ സമാഹരണം നടത്തുന്നതിനും 23.05.2018 -ലെ G.O(P)No.74/2018/TD പ്രകാരം ആവിഷ്കരിച്ച കോമ്പൗണ്ടിംഗ് പദ്ധതി 30.03.2022 ലെ G.O(P)No.28/2022/Taxes പ്രകാരം 2023 മാർച്ച് 31 വരെ ദീർഘിപ്പിച്ചിട്ടുണ്ട്.

<u>ലാൻഡ് റവന്യൂ</u>

| | | | |
|---|---|---|---|
| | | | മുൻ വർഷത്തെ അപേക്ഷിച്ച് വർദ്ധനവ് ഉണ്ട്. എങ്കിലും പരമാവധി പിരിവ് വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ഡി) | സംസ്ഥാനത്ത് നികുതിയേതര വരുമാനം വർദ്ധിപ്പിക്കാനും വാറ്റ് അടക്കമുള്ള നികുതി കുടിശ്ശികകൾ പിരിച്ചെടുക്കുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ? | (ഡി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വിവിധ വകുപ്പുകളിലെ നികുതിയേതര ഇനങ്ങളുടെ നിലവിലെ നിരക്കുകൾ (ഫീസുകൾ, ഫൈനുകൾ ഉൾപ്പെടെ) കാലികമായി പരിഷ്കരിച്ചിട്ടുണ്ട്. നിലവിലെ നിരക്കുകൾ പരിഷ്കരിക്കുന്നതിനും, പുതിയ ഇനങ്ങൾ കണ്ടെത്തുന്നതിനുമുള്ള നടപടികൾ തുടർന്നു വരികയാണ്. അതോടൊപ്പം, വിവിധ വകുപ്പുകളിൽ നിന്നും, പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും സർക്കാരിനു ലഭിക്കാനുള്ള കുടിശ്ശിക തുക ഈടാക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുമുണ്ട്. ഈ നടപടികളിലൂടെ നികുതിയേതര ഇനങ്ങളിൽ നിന്നുള്ള വരുമാനം ഗണ്യമായി വർദ്ധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ